പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1924 5/10/2016 ൽ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിലുള്ളവർക്കായുള്ള പദ്ധതികൾ

ചോദ്യം

ശ്രീ. **ബി.സത്യൻ :**

മറുപടി

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | എ) | 2014-15 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പിനു രണ്ട് പശുവും മൂന്ന് കന്നുകുട്ടികളും നൽകുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു ഗുണഭോക്താവിന് രണ്ട് പശുക്കളും മൂന്ന് കന്നുകുട്ടികളും, കന്നുകുട്ടികൾക്കുള്ള തീറ്റ, തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായം എന്നിവ ഉൾപ്പെടെ 1,35,000/- രൂപയുടെ ധനസഹായമാണ് നൽകുന്നത്. പ്രസ്തുത പദ്ധതിക്കായി 499.5 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിരുന്നു. സംസ്ഥാനമൊട്ടാകെ 370 ഗുണഭോക്താക്കൾക്കാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഈ പദ്ധതി 96% പൂർത്തിയായി. മിച്ചം യൂണിറ്റുകളും കൂടി ഉടനടി നടപ്പിലാക്കി പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതാണ്. 2015-16 കാലയളവിലേക്കായി വിവിധങ്ങളായ പദ്ധതികൾ ഭരണാനുമതിക്കായി മൃഗസംരക്ഷണ വകുപ്പ് പട്ടികജാതി വികസന വകുപ്പിലേക്ക് സമർപ്പിച്ചിരുന്നു. പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി രണ്ട് പശുക്കൾ അടങ്ങിയ ചെറുകിട ഡയറി യൂണിറ്റ് പദ്ധതി, അഞ്ച് ആടുകൾ അടങ്ങുന്ന ചെറുകിട ആടുവളർത്തൽ പദ്ധതി, കോഴി വളർത്തൽ പദ്ധതി എന്നിവ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. ഇതിൽ കോഴിവളർത്തൽ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 5600 ഗുണഭോക്താക്കൾക്കായി 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമായ 10 കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതിക്ക് ഭരണാനുമതിയും 57.84 ലക്ഷം രൂപയുടെ ധനസഹായവും 2016 ഓഗസ്റ്റ്മാസം ലഭ്യമായിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് കോഴി വളർത്തൽ പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതികൾ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ വേണ്ട വിധം പ്രയോജനപ്പെടുത്തി യിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) | ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ കാര്യക്ഷമമായാണ് നടപ്പിലാക്കാറുള്ളത്. |
| സി) | പദ്ധതികൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ